**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **18-09-2025 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ കോളനിയിലെ കുട്ടികളുടെ സ്കൂൾ യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ ഗവ.വി.എച്ച്.എസ്.എസ്., ചെമ്പനരുവി എൽ.പി.എസ്. എന്നിവിടങ്ങളിൽ പഠിക്കുന്ന അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ കോളനിയിലെ കുട്ടികൾക്ക് അച്ചൻകോവിലാർ മുറിച്ചു കടന്നു സ്കൂളിൽ എത്തുന്നതിന് പട്ടികവർഗ്ഗ വകുപ്പ് എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ആവണിപ്പാറ ഗിരിവർഗ്ഗ ഉന്നതി പത്തനംതിട്ട ജില്ലയിലെ റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ അധികാരപരിധിയിൽ വരുന്ന പ്രദേശമാണ്. ടി ഉന്നതിയിൽ നിന്നും പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ ഗവ. വി.എച്ച്.എസ്.എസ്., ചെമ്പനരുവി എൽ.പി.എസ്. എന്നീ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ വള്ളത്തിൽ അച്ചൻകോവിലാറിന്റെ മറുകരയിൽ എത്തി അവിടെ നിന്നും ചെമ്പനരുവി എൽ.പി.എസ് ലെ കുട്ടികൾ വിദ്യാവാഹിനി പ്രകാരം ഏർപ്പാടാക്കിയ വാഹനത്തിലും, അച്ചൻകോവിൽ ഗവ.വി.എച്ച്.എസ്.എസ്.ലെ കുട്ടികൾ ബസ്സിലുമാണ് സ്കൂളിൽ എത്തുന്നത്. |
| (ബി) | പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് അച്ചൻകോവിലാറിന് കുറുകെ പാലം നിർമിക്കുന്നതിന് വേണ്ടി സ്വീകരിച്ചിരുന്ന നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ? | (ബി) | ആവണിപ്പാറ ഗിരിവർഗ്ഗ ഉന്നതിയിൽ അച്ചൻകോവിലാറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 2018 ലെ SOR പ്രകാരം 250.30 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കി മുഴുവൻ തുകയും പൊതുമരാമത്ത് വകുപ്പിന് റാന്നി ടി.ഡി.ഒ മുഖേന ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ